✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1136

# സൂറ – 39 / അസ്സുമർ

## സൂക്തം: 39 – 42

യാഥാർഥ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നവർക്ക് സാധാരണ നിദ്രയിലും നിത്യനിദ്രയിലും വലിയ ദൃഷ്ടാന്തങ്ങൾ തന്നെ കാണാം. അത് മരണാനന്തര ജീവിതത്തിന്റെ, ഉയിർത്തെഴുന്നേൽപിന്റെ പ്രത്യക്ഷ മാതൃകയാകുന്നു എന്നതാണ് പ്രധാന ദൃഷ്ടാന്തം. ഉറക്കത്തിൽ ബോധവും വിവേചനശേഷിയും ജ്ഞാനേന്ദ്രിയങ്ങളും നമ്മിൽനിന്ന് മരിച്ചുപോകുന്നു. ഉണരുന്നതോടെ അതെല്ലാം നമ്മിൽ പുനർജനിക്കുകയും ചെയ്യുന്നു.

قُلْ يَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَٰمِلٌ ۖ فَسَوْفَ تَعْلَمُونَ ﴿٣٩﴾

39. പ്രഖ്യാപിക്കുക: എന്റെ സമുദായമേ, നിങ്ങൾ നിങ്ങളുടെ വഴിക്കു പ്രവർത്തിച്ചുകൊള്ളുക. ഞാൻ എന്റെ വഴിക്കും പ്രവർത്തിക്കാം. താമസിയാതെ നിങ്ങൾ അറിയുന്നുണ്ട്;

مَن يَأْتِيهِ عَذَابٌ يُخْزِيهِ وَيَحِلُّ عَلَيْهِ عَذَابٌ مُّقِيمٌ ﴿٤٠﴾

40. ആർക്കാണ് അപമാനകരമായ ശിക്ഷ ഭവിക്കുകയെന്നും ആരാണ് അനന്തമായ ശിക്ഷയിലകപ്പെടുകയെന്നും.

**39,40**

قُلْ = നീ പറയുക (പ്രഖ്യാപിക്കുക) يَا قَوْمِ = എന്റെ സമുദായമേ اعْمَلُوا = നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക
عَلَىٰ مَكَانَتِكُمْ = നിങ്ങളുടെ സ്ഥാനത്തിന്മേൽ (നിങ്ങളുടെ വഴിക്ക്)
إِنِّي عَامِلٌ = ഞാൻ പ്രവർത്തിക്കുന്നവനാകുന്നു (എന്റെ വഴിക്കു പ്രവർത്തിക്കാം)
فَسَوْفَ تَعْلَمُونَ = താമസിയാതെ നിങ്ങൾ അറിയുന്നു(ണ്ട്) مَن يَأْتِيهِ = ആർക്കാണ് വരിക (ഭവിക്കുക എന്നും)
عَذَابٌ = ശിക്ഷ يُخْزِيهِ = അവനെ അപമാനിക്കുന്ന (അപമാനകരമായ)
وَيَحِلُّ عَلَيْهِ = ആരുടെ മേലാണ് ഇറങ്ങുക (ആരാണ് അകപ്പെടുക എന്നും)
عَذَابٌ مُّقِيمٌ = സ്ഥിരമായി നിലനിൽക്കുന്ന (അനന്തമായ) ശിക്ഷ(യിൽ)

പ്രവാചകസന്ദേശം ശ്രദ്ധിച്ചു കേൾക്കാനും അതിന്റെ യാഥാർഥ്യത്തെക്കുറിച്ച് ചിന്തിച്ചു നോക്കാനും തയാറാകാതെ സ്വന്തം അനാചാരങ്ങളിൽ ശഠിച്ചുനിന്ന് മിഥ്യാ ദൈവങ്ങളുടെ ശാപവും കോപവും പറഞ്ഞ് ഭീഷണിപ്പെടുത്താൻ ധൃഷ്ടരാകുന്ന ആളുകളോട് പ്രവാചകൻ ഖണ്ഡിതമായി പറയണം; ഇനി ഞാൻ നിങ്ങളോട് തർക്കത്തിനില്ല. നിങ്ങൾ നിങ്ങളുടെ വഴിക്കു പ്രവർത്തിച്ചുകൊള്ളുക, ഞാൻ എന്റെ വഴിക്കും പ്രവർത്തിച്ചുകൊള്ളാം. നിലകൊള്ളുന്ന സ്ഥലം

എന്നും സ്വാധീനം, സാധ്യത, സൗകര്യം, തെരഞ്ഞെടുക്കുന്ന എന്നും അർഥമുള്ള പദമാണ് مَكَانَة. തുടർന്നുള്ള إِنِّي عَامِلٌ-നു ശേഷം സന്ദർഭത്തിൽനിന്ന് ആശയം വ്യക്തമാകുന്നതിനാൽ عَلَىٰ مَكَانَتِي എന്ന പുനരുക്തി ഒഴിവാക്കിയിരിക്കുന്നു.

നിങ്ങളുടെ ഭീഷണിക്കു വഴങ്ങി ഞാനീ ദൗത്യത്തിൽനിന്ന് വിരമിക്കാനൊന്നും പോകുന്നില്ല. നമുക്ക് കാത്തിരിക്കാം. അടുത്തുതന്നെ നിങ്ങൾ അറിയുന്നുണ്ട്; നിങ്ങളീ ഭീഷണിപ്പെടുത്തുന്ന അപമാനകരമായ ശിക്ഷ ആരിലാണ് വന്നു പതിക്കുന്നതെന്ന്. അനന്തരം ശാശ്വതമായി നിലനിൽക്കുന്ന ശിക്ഷയിലകപ്പെടുന്നതാരെന്നും വേഗം അറിയാം. ആദ്യം പറഞ്ഞ ശിക്ഷ ശിർക്കിന്റെ ദയനീയമായ പരാജയത്തിലൂടെയും ഇസ്‌ലാമിന്റെ ഉജ്ജ്വലമായ വിജയത്തിലൂടെയും മുശ്‌രിക്കുകൾ അനുഭവിക്കാൻ പോകുന്ന നാണക്കേടും ദുഖവുമാണ്. രണ്ടാമത്തേത് പരലോകത്തിൽ നേരിടേണ്ടിവരുന്ന ശിക്ഷയും. പരലോകത്തെത്തിക്കഴിഞ്ഞാൽ അതിനും അവർ ഒട്ടും കാത്തിരിക്കേണ്ടിവരില്ല. ഇപ്പറഞ്ഞ ശിക്ഷകളെ ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: ഈ ലോകത്ത് അല്ലാഹു പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ സമുദായങ്ങളെ രണ്ടു തരത്തിൽ ശിക്ഷിക്കും. ഒന്ന് അവരെ ദൈവത്തിലേക്കും ധർമബോധത്തിലേക്കും ഉണർത്തുന്നതിനു വേണ്ടിയുള്ള ലഘുവായ ശിക്ഷ. ചില സമൂഹങ്ങൾ അത്തരം ശിക്ഷകളാൽ ബോധവാന്മാരാവുകയും സന്മാർഗം കൈക്കൊള്ളുകയും ചെയ്യും. ചിലർ പ്രവാചകന്റെ സുവിശേഷങ്ങളും മുന്നറിയിപ്പുകളും ഒട്ടും ശ്രദ്ധിക്കാതെ ജീവിതം നാൾക്കുനാൾ കൂടുതൽ കൂടുതൽ അധാർമികമാക്കിക്കൊണ്ടിരിക്കും. അങ്ങനെ ധിക്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയാൽ അല്ലാഹു അവരെ ഒന്നടങ്കം ഭൂമിയിൽനിന്ന് തുടച്ചുനീക്കുന്ന ശിക്ഷയിറക്കുന്നു. ഈ രണ്ടു തരം ശിക്ഷകളാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. ശിക്ഷയുടെ 'അപമാനിതനാക്കുന്നത്'-يُخْزِيهِ- എന്ന വിശേഷണം ഖുറൈശീ നേതാക്കളുടെ ധിക്കാരത്തിനുള്ള ഒരു പ്രഹരമാണ്. തങ്ങൾ ഉഗ്രപ്രതാപികളാണെന്ന ദുരഭിമാനവും ഇസ്‌ലാം സ്വീകരിച്ചാൽ അറബികൾക്കിടയിൽ തങ്ങൾക്കുള്ള പ്രതാപവും പ്രഭാവവും നഷ്ടപ്പെടുമെന്ന ഭയവുമാണ് അവരെ നിഷേധികളാകാൻ പ്രേരിപ്പിക്കുന്നത്. യഥാർഥത്തിൽ ആ നിഷേധമാണ് അവരെ പരാജിതരും അപമാനിതരുമാക്കാൻ പോകുന്നത് എന്നു പറയുകയാണ്. ●

---

إِنَّآ أَنزَلۡنَا عَلَيۡكَ ٱلۡكِتَٰبَ لِلنَّاسِ بِٱلۡحَقِّۖ فَمَنِ ٱهۡتَدَىٰ فَلِنَفۡسِهِۦۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيۡهَاۖ وَمَآ أَنتَ عَلَيۡهِم بِوَكِيلٍ ﴿٤١﴾

41. പ്രവാചകാ, നാം ഈ വേദം സത്യസമേതം നിനക്കവതരിപ്പിച്ചുതന്നിട്ടുള്ളത് മനുഷ്യർക്കൊക്കെയും വേണ്ടിയാകുന്നു. ഇനി ഒരുവൻ സന്മാർഗം സ്വീകരിക്കുന്നുവെങ്കിൽ അതിന്റെ ഗുണം അവനു തന്നെയാകുന്നു. ദുർമാർഗമാണ് കൈക്കൊള്ളുന്നതെങ്കിൽ അതിന്റെ ദോഷവും അവനുതന്നെ. നീ അവരുടെ ചുമതലക്കാരനല്ല.

**41**

إِنَّا أَنزَلْنَا عَلَيْكَ الْكِتَابَ = (പ്രവാചകാ) നാം ഈ വേദം നിനക്കവതരിപ്പിച്ചു (തന്നിട്ടുള്ളത്)
لِلنَّاسِ = മനുഷ്യർക്കൊക്കെയും വേണ്ടിയാകുന്നു بِالْحَقِّ = സത്യം കൊണ്ട് (സത്യസമേതം)
فَمَنِ اهْتَدَىٰ = ഇനി ആരെങ്കിലും (ഒരുവൻ) സന്മാർഗം സ്വീകരിക്കുന്നുവെങ്കിൽ
فَلِنَفْسِهِ = (അത്) അവന്റെ ആത്മാവിനു വേണ്ടിയാകുന്നു (അതിന്റെ ഗുണം അവനുതന്നെ)
وَمَن ضَلَّ = ആരെങ്കിലും (ഒരുവൻ) പിഴച്ചാൽ (ദുർമാർഗമാണ് കൈക്കൊള്ളുന്നതെങ്കിൽ)
فَإِنَّمَا يَضِلُّ عَلَيْهَا = അവൻ പിഴക്കുന്നത് അവന്റെ ആത്മാവിനെതിരായിട്ടാകുന്നു (അതിന്റെ ദോഷവും അവനുതന്നെ)
وَمَا أَنتَ عَلَيْهِم = നീ അവരുടെ മേൽ അല്ല بِوَكِيلٍ = ചുമതലക്കാരൻ, ഉത്തരവാദിത്തമേൽപിക്കപ്പെടുന്നവൻ

മുൻ സൂക്തത്തിൽ പ്രവാചകനിലൂടെ നടത്തിയ പ്രഖ്യാപത്തിന് അനുബന്ധമായി അല്ലാഹു നേരിട്ടരുൾ ചെയ്യുകയാണ്: നാം ഈ വിശുദ്ധ വേദം പ്രവാചകനിലേക്കയച്ചിട്ടുള്ളത് എല്ലാ മനുഷ്യർക്കും വേണ്ടിയാണ്. അവർ സ്വീകരിക്കേണ്ട വിശ്വാസ സത്യങ്ങളും ധാർമിക-സദാചാര നിയമങ്ങളുമാണതിന്റെ ഉള്ളടക്കം. അത് സാക്ഷാത്കരിക്കുകയാണ് നിന്റെ ദൗത്യം. അതാണ് നിന്റെ പ്രവർത്തനത്തിന്റെ مَكَانَة. നിന്നിൽ വിശ്വസിച്ച് ഈ വേദതത്വങ്ങളും നിയമങ്ങളും പിന്തുടരുന്നവർ സന്മാർഗം പ്രാപിക്കുന്നു. ആരെങ്കിലും അങ്ങനെ സന്മാർഗം പ്രാപിക്കുന്നുവെങ്കിൽ അത് അവർക്കുവേണ്ടിത്തന്നെയാണ്. അവർക്കാണതിന്റെ ഗുണം, അല്ലാഹുവിനോ പ്രവാചകനോ മറ്റാർക്കെങ്കിലുമോ അല്ല. ആരെങ്കിലും ഈ സന്മാർഗം തള്ളിക്കളഞ്ഞ് അസത്യമാർഗത്തിൽ ചരിക്കുന്നുവെങ്കിൽ അതിന്റെ ദോഷവും അവർക്കു തന്നെ. സത്യവും ധർമവും ആളുകളിൽ പ്രബോധനം ചെയ്യുക മാത്രമാകുന്നു പ്രവാചകനിൽ അർപ്പിതമായ ഉത്തരവാദിത്തം. തങ്ങൾ പ്രബോധനം ചെയ്യപ്പെടുന്ന സത്യസന്ദേശം തള്ളണമോ കൊള്ളണമോ എന്നു തീരുമാനിക്കാൻ ആളുകൾക്കു സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് അവരെ ബലാൽക്കാരം സന്മാർഗചാരികളാക്കാനുള്ള ചുമതലയോ അധികാരമോ പ്രവാചകനില്ല. മറ്റുള്ളവരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അധികാരപൂർവം ചുമതലപ്പെടുത്തിയവനാണ് ഭാഷയിൽ വക്കീൽ. തന്റെ കക്ഷിയുടെ താൽപര്യം സംരക്ഷിക്കാൻ ആവശ്യമെന്നു കണ്ടാൽ അയാളുടെ ഇഷ്ടം മാനിക്കാതെയും വക്കീലിനു പ്രവർത്തിക്കാം. പ്രബോധിതരിൽ അത്തരം അധികാരമുള്ള വക്കീലല്ല പ്രവാചകൻ. ●

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

42. ആത്മാക്കളെ അവയുടെ മരണവേളയിലും മരിച്ചിട്ടില്ലാത്തവയെ നിദ്രാവേളയിലും പിടിച്ചെടുക്കുന്നത് അല്ലാഹു തന്നെയാകുന്നു. മരണം വിധിച്ച ആത്മാക്കളെ അവൻ തടഞ്ഞുനിർത്തുന്നു. അല്ലാത്തവയെ നിശ്ചിത അവധി വരെ വിട്ടയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനത്തിന് ഈ പ്രതിഭാസങ്ങളിൽ ഉറപ്പായും വലിയ ദൃഷ്ടാന്തങ്ങളുണ്ട്.

**42**

اللَّهُ يَتَوَفَّى الْأَنفُسَ = അല്ലാഹു (തന്നെയാകുന്നു) ആത്മാക്കളെ പിടിച്ചെടുക്കുന്നു(ന്നത്)
حِينَ مَوْتِهَا = അവയുടെ മരണവേളയിൽ وَالَّتِي لَمْ تَمُتْ = മരിച്ചിട്ടില്ലാത്തവയെ പിടിച്ചെടുക്കുന്ന
فِي مَنَامِهَا = അവയുടെ നിദ്രാവേളയിലും فَيُمْسِكُ = അവൻ തടഞ്ഞുനിർത്തുന്നു
الَّتِي قَضَىٰ عَلَيْهَا الْمَوْتَ = അവയുടെ മേൽ മരണം വിധിച്ചിട്ടുള്ളതായവയെ (മരണം വിധിച്ച ആത്മാക്കളെ)
وَيُرْسِلُ الْأُخْرَىٰ = മറ്റുള്ളവയെ (അല്ലാത്തവയെ) വിട്ടയക്കുകയും ചെയ്യുന്നു
إِلَىٰ أَجَلٍ مُّسَمًّى = നിശ്ചിത അവധി വരെ إِنَّ فِي ذَٰلِكَ = ഉറപ്പായും അതിൽ (ഈ പ്രതിഭാസങ്ങളിൽ) ഉണ്ട്
لَآيَاتٍ = (വലിയ) ദൃഷ്ടാന്തങ്ങൾ لِّقَوْمٍ يَتَفَكَّرُونَ = ചിന്തിക്കുന്ന ജനത്തിന്

മരണത്തെയും നിദ്രയെയും സൃഷ്ടികളുടെ മേലുള്ള അല്ലാഹുവിന്റെ കണിശമായ നിയന്ത്രണത്തിന്റെയും പരമാധികാരത്തിന്റെയും ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കുകയാണിവിടെ. ജനനത്തിലും ജീവിതത്തിന്റെ വിവിധ ദശകളിലുമുള്ള ദൃഷ്ടാന്തങ്ങൾ നേരത്തേ പലവട്ടം പ്രസ്താവിച്ചിരിക്കുന്നു. മൃത്യുവിനെക്കുറിച്ചും 6:60,61-ൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

وَهُوَ الَّذِي يَتَوَفَّاكُم بِاللَّيْلِ وَيَعْلَمُ مَا جَرَحْتُم بِالنَّهَارِ ثُمَّ يَبْعَثُكُمْ فِيهِ لِيُقْضَىٰ أَجَلٌ مُّسَمًّى ۖ ثُمَّ إِلَيْهِ مَرْجِعُكُمْ ثُمَّ يُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٦٠﴾ وَهُوَ الْقَاهِرُ فَوْقَ عِبَادِهِ ۖ وَيُرْسِلُ عَلَيْكُمْ حَفَظَةً حَتَّىٰ إِذَا جَاءَ أَحَدَكُمُ الْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُونَ ﴿٦١﴾

(രാവിൽ നിദ്രാമൃത്യു ഏകുന്നതവനാകുന്നു. പകലിൽ നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അവൻ അറിയുന്നുണ്ട്. പിന്നെ അടുത്ത പകലിൽ നിങ്ങളെ ഉയിർപ്പിക്കുന്നു. അങ്ങനെ നിശ്ചിത ജീവിതകാലം പൂർത്തിയാക്കുന്നതിനു വേണ്ടി. ഒടുവിൽ അവങ്കലേക്കു തന്നെയാകുന്നു നിങ്ങൾ മടങ്ങിച്ചെല്ലേണ്ടത്. പിന്നെ, നിങ്ങൾ പ്രവർത്തിച്ചിരുന്നതെന്തെന്ന് അവൻ നിങ്ങൾക്കു പറഞ്ഞുതരും. തന്റെ അടിമകൾക്കു മേൽ സർവാധിപതിയാണവൻ. നിങ്ങൾക്കു മീതെ അവൻ കാവൽക്കാരെ നിയോഗിക്കുന്നു. നിങ്ങളിലൊരുവന് മരണം ആസന്നമാകുമ്പോൾ നമ്മുടെ ദൂതന്മാർ അയാളെ മരിപ്പിക്കുന്നു. ആ ദൂതന്മാർ ചുമതലാ നിർവഹണത്തിൽ യാതൊരു വീഴ്ചയും വരുത്തുന്നതല്ല). ഈ സൂക്തങ്ങളിലും നാം പഠിക്കുന്ന സൂക്തത്തിലും യഥാർഥ മരണത്തോടൊപ്പം നിദ്രയെയും മരണം എന്നു പറഞ്ഞിരിക്കുന്നു. ഇസ്‌ലാമിക പണ്ഡിതന്മാർ യഥാർഥ മരണത്തെ الْوَفَاةُ الْكُبْرَىٰ (മഹാമരണം) എന്നും നിദ്രയെ الْوَفَاةُ الصُّغْرَىٰ (ലഘുമരണം) എന്നും വ്യവഹരിച്ചിരിക്കുന്നു. മഹാമരണത്തിൽ ആത്മാവും ജീവനും ജഡത്തെ വെടിയുകയും ജഡം നിശ്ചലമാവുകയും ചെയ്യുന്നു. ആ അവസ്ഥയിൽനിന്ന് പിന്നെ ജീവിതത്തിലേക്ക് തിരിച്ചുവരവില്ല. ഉറക്കത്തിൽ ശ്വാസോഛ്വാസവും ആന്തരികാവയവങ്ങളുടെ പ്രവർത്തനവും നടക്കുന്നുണ്ടാകും. വിചാരം, വികാരം, വിവേചനം, ഇന്ദ്രിയാനുഭവങ്ങൾ തുടങ്ങിയ ഗുണങ്ങൾ താൽക്കാലികമായി വിട്ടുനിൽക്കുന്നു. ഈയർഥത്തിൽ നിദ്ര ലഘുവായ മൃതി തന്നെയാണ്. ഉറങ്ങുന്നവൻ ഉണരുന്നതോടെ ഈ ഗുണങ്ങളെല്ലാം തിരിച്ചുവരുന്നു. അല്ലാഹു വിധിച്ച ആയുസ്സൊടുങ്ങുന്നതുവരെ ദിനേന ഈ മൃതിയും ഉയിർപ്പും ആവർത്തിച്ചുകൊണ്ടിരിക്കും.

تَوَفِّي-യുടെ ആശയം 3:55 സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിട്ടുണ്ട്. പിടിച്ചെടുക്കുന്നു എന്നാണ് ഇവിടെ ഉദ്ദേശ്യം. മരിപ്പിക്കുന്നു എന്നുമാവാം. അപ്പോൾ حِينَ مَوْتِهَا-യുടെ താൽപര്യം حِينَ انتهاء اجالها ‘അവയുടെ അവധി -ആയുസ്സ് അവസാനിക്കുമ്പോൾ’ എന്നായിരിക്കും. نفس-ന്റെ ബഹുവചനമാണ് انفس. ജീവനെയും ജീവനുള്ള ശരീരത്തെയും, ബോധവും വിചാരവികാരങ്ങളും വിവേചന ശക്തിയും ഇന്ദ്രിയ ഗുണങ്ങളുമെല്ലാമുള്ള മനസ്സിനെയും ആത്മാവിനെയും نفس എന്നു പറയും.

നഫ്‌സും റൂഹും ഒന്നാണോ അതല്ല രണ്ടു പ്രതിഭാസമാണോ എന്നൊരു തർക്കം പണ്ടുമുതലേ ഇസ്‌ലാമിക പണ്ഡിതന്മാർക്കിടയിലുണ്ട്. ഇബ്നു അബ്ബാസ് പറഞ്ഞു: ‘ബുദ്ധിയുടെയും വിവേചന ശക്തിയുടെയും കേന്ദ്രമാണ് നഫ്‌സ്. മരിക്കുമ്പോൾ നഫ്‌സും റൂഹും മരിക്കും. നിദ്രാവേളയിൽ നഫ്‌സ് മാത്രം മരിക്കുന്നു. എന്നാൽ നഫ്‌സും റൂഹും ഒന്നുതന്നെയാണെന്ന വീക്ഷണത്തിനാണ് കൂടുതൽ പ്രചാരം. ഇമാം റാസി പറഞ്ഞു: ‘മാനുഷിക നഫ്‌സ് എന്നത് ഉജ്ജ്വലമായ ഒരാത്മീയ സത്തയെ കുറിക്കുന്ന സംജ്ഞയാണ്. അതാണ് ജീവിതം. മരിക്കുമ്പോൾ ശരീരത്തിന്റെ അകവും പുറവുമായുള്ള അതിന്റെ ബന്ധം അറ്റുപോകുന്നു. അതാണ് യഥാർഥ മരണം. എന്നാൽ ഉറങ്ങുമ്പോഴോ, ശരീരത്തിന്റെ ബാഹ്യഭാഗത്തുനിന്ന് അതിന്റെ ചൈതന്യം വിട്ടുനിൽക്കുന്നു, ആന്തരിക ഭാഗങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നില്ല. മരണവും നിദ്രയും ഒരേ വർഗത്തിൽനിന്നുള്ളതാണ് അപ്പോൾ സ്ഥിരപ്പെട്ടു. പക്ഷേ, ശരീരത്തിൽനിന്ന് നഫ്‌സിന്റെ പൂർണ

മായ പിരിഞ്ഞുപോക്കാണ് മരണം. നിദ്ര ശരീരത്തിന്റെ ചില വശങ്ങളിൽനിന്ന് മാത്രമുള്ള പരിമിതമായ വിട്ടുനിൽപും'' (*തഫ്സീർ റാസി* 26/286). മരണത്തെ നിദ്രയോട് ഉപമിച്ചുകൊണ്ട് 'നിത്യനിദ്ര' എന്ന് പറയാറുണ്ട്. സാധാരണ നിദ്ര നിത്യനിദ്രയായി മാറുക അപൂർവമല്ല. ഈയടിസ്ഥാനത്തിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഉരുവിടാൻ പ്രവാചകൻ ഒരു പ്രാർഥന നിർദേശിച്ചിട്ടുള്ളതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു:

''നിദ്രാശയ്യ പ്രാപിക്കുന്നവൻ തന്റെ വസ്ത്രത്തിന്റെ ഉള്ള് നന്നായി കുടയണം. അതിനുള്ളിൽ അവന് ദോഷകരമായി വല്ലതും ഉണ്ടോ എന്ന് അവനറിയില്ലല്ലോ. അനന്തരം പ്രാർഥിക്കട്ടെ:

بِاسْمِكَ رَبِّي وَضَعْتُ جَنْبِي، وَبِكَ أَرْفَعُهُ، فَإِنْ أَمْسَكْتَ نَفْسِي فَارْحَمْهَا، وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ

(എന്റെ നാഥാ, നിന്റെ നാമത്തിൽ ഞാൻ എന്റെ വശം കിടത്തുന്നു. നിന്റെ നാമത്തിൽ ഞാനതിനെ ഉയർത്തുകയും ചെയ്യും. നീ എന്റെ ആത്മാവിനെ പിടിക്കുകയാണെങ്കിൽ അതിനോട് കരുണ കാട്ടേണമേ. വിട്ടയക്കുകയാണെങ്കിൽ, നിന്റെ സച്ചരിതരായ അടിമകളെ സംരക്ഷിക്കുന്ന വിധത്തിൽ അതിനെയും സംരക്ഷിക്കേണമേ!).

യാഥാർഥ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നവർക്ക് സാധാരണ നിദ്രയിലും നിത്യനിദ്രയിലും വലിയ ദൃഷ്ടാന്തങ്ങൾ തന്നെ കാണാം. അത് മരണാനന്തര ജീവിതത്തിന്റെ, ഉയിർത്തെഴുന്നേൽപിന്റെ പ്രത്യക്ഷ മാതൃകയാകുന്നു എന്നതാണ് പ്രധാന ദൃഷ്ടാന്തം. ഉറക്കത്തിൽ ബോധവും വിവേചനശേഷിയും ജ്ഞാനേന്ദ്രിയങ്ങളും നമ്മിൽനിന്ന് മരിച്ചുപോകുന്നു. ഉണരുന്നതോടെ അതെല്ലാം നമ്മിൽ പുനർജനിക്കുകയും ചെയ്യുന്നു. ഉറക്കത്തിൽ മരിച്ച നഫ്സ് നശിച്ചുപോകുന്നില്ല. സ്വപ്ന രൂപത്തിൽ നമ്മിൽ അത് സജീവമാകുന്നു. സ്വപ്നത്തിൽ നാം ദുഃഖിക്കുന്നു, സന്തോഷിക്കുന്നു, ഭയക്കുന്നു, കാര്യങ്ങൾ വിവേചിക്കുന്നു. മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നു. പക്ഷേ കാണുന്നത് കണ്ണ് തുറന്നല്ല, കേൾക്കുന്നത് ചെവി തുറന്നല്ല, പ്രവർത്തിക്കുന്നത് കൈകാലുകൾ ചലിപ്പിച്ചുമല്ല. അപ്പോൾ ആത്മാവ് മരിച്ചാലും മറ്റൊരവസ്ഥയിൽ അത് നിലനിൽക്കുന്നു. ആയുസ്സൊടുങ്ങുമ്പോൾ ആത്മാവിനോടൊപ്പം ജീവനും ജഡത്തോട് വിടപറയുന്നു. പിന്നെ ജഡം ജീർണിക്കുന്നു. എങ്കിലും ജഡം മറ്റൊരവസ്ഥയിൽ നിലനിൽക്കുന്നുണ്ട്. ഉറക്കത്തിൽ വേർപിരിഞ്ഞ ആത്മാവ് ഉണർവിൽ സജീവ ജഡത്തിലേക്ക് തിരിച്ചുവരുന്നതുപോലെ ഉയിർത്തെഴുന്നേൽപിൽ, രൂപവും ഘടനയും നഷ്ടപ്പെട്ട ജഡം വീണ്ടും പൂർവസ്ഥിതി പ്രാപിച്ച് സജീവമാവുകയും ആത്മാവിലേക്ക് തിരിച്ചുവരികയും ചെയ്യുന്നു.

ഭൗതിക മനുഷ്യന് ഉറക്കവും ഉണർവും നിത്യ ജീവിതത്തിന്റെ തന്നെ ഒരാവശ്യമാണ്. രണ്ടോ മൂന്നോ ദിവസം ഉറങ്ങാൻ കഴിഞ്ഞില്ലെങ്കിൽ മനുഷ്യൻ വല്ലാതെ അസ്വസ്ഥനാകും. തുടർച്ചയായ ഉറക്കമില്ലായ്മ ഗുരുതരമായ രോഗവുമാണ്. അതുപോലെ നിത്യനിദ്ര ഭൂമിയിൽ മനുഷ്യകുലത്തിന്റെ നിലനിൽപിന് ആവശ്യമാണ്. ജനിച്ച ജീവികളൊന്നും മരിക്കുന്നില്ലെങ്കിൽ ഭൂമിയിൽ കാലുകുത്താനിടമില്ലാതെ മനുഷ്യനും ഭൂമിയും നശിക്കുമായിരുന്നു. മനുഷ്യകുലത്തിന്റെയും ഭൂമിയുടെയും മഹാനിദ്രയാണ് ലോകാവസാനം. പിന്നീട് ഭൂമിയും ആകാശവും മനുഷ്യരുമെല്ലാം പുനർജനിക്കുന്നു. يَوْمَ تُبَدَّلُ الْأَرْضُ غَيْرَ الْأَرْضِ وَالسَّمَاوَاتُ ۖ وَبَرَزُوا لِلَّهِ الْوَاحِدِ الْقَهَّارِ(ഭൂലോകവും വാനലോകവും അവയല്ലാതാക്കി മാറ്റിമറിക്കപ്പെടുകയും ഏക സർവാധിപതിയായ അല്ലാഹുവിന്റെ മുമ്പിൽ സർവരും മറയില്ലാതെ നേരിട്ടു ഹാജരാവുകയും ചെയ്യുന്ന നാൾ -14:48). അന്ന് മനുഷ്യൻ അവന്റെ മഹാനിദ്രയിൽനിന്ന് ഉണർത്തപ്പെടുന്നു. ഭൗതിക ജീവിതത്തിൽ മരണാനന്തര ജീവിതം നിഷേധിച്ചിരുന്നവർ ആ സന്ദർഭത്തിൽ വിലപിക്കുകയായി: ''ഹാ കഷ്ടം, ഉറക്കറയിൽനിന്ന് നമ്മെ വിളിച്ചുണർത്തിയതാരാണ്? ഇത് പരമകാരുണികനായ ദൈവം വാഗ്ദാനം ചെയ്തതു തന്നെയാകുന്നു. ദൈവദൂതന്മാർ നമ്മോട് പറഞ്ഞതൊക്കെയും സത്യം തന്നെയായിരുന്നു കേട്ടോ'' (36:52).

മനുഷ്യരാരും സ്വയം സൃഷ്ടിക്കപ്പെട്ടതല്ല. ജന്മം സ്വതന്ത്രമായി തെരഞ്ഞെടുത്തതുമല്ല. എല്ലാവരെയും അല്ലാഹു സൃഷ്ടിക്കുകയായിരുന്നു. അതുപോലെ മരണവും അവന്റെ ഹസ്തത്തിലാകുന്നു. ഓരോ വ്യക്തിക്കും അല്ലാഹു നിശ്ചയിച്ചിട്ടുള്ള അവധി അവസാനിക്കുമ്പോൾ അവൻ അയാളെ മരിപ്പിക്കുന്നു. ലോകാവസാനം വരെയുള്ള സകല മനുഷ്യരും ജീനിന്റെയും ഡി.എൻ.എയുടെയും രൂപത്തിൽ ആദിപിതാവ് ആദമിൽ സൃഷ്ടിക്കപ്പെട്ടിരുന്നു. മൃതാവസ്ഥയിലായ അവർ തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നിശ്ചിത സമയമാകുമ്പോൾ ഓരോരുത്തരായി ജീവിതവേദിയിലേക്കയക്കപ്പെടുന്നു. നല്ല രീതിയിലോ മോശപ്പെട്ട രീതിയിലോ തങ്ങളുടെ റോൾ അഭിനയിച്ചു തീരുമ്പോൾ അവരെ തിരികെ വിളിക്കുന്നു. പുതിയ നടീനടന്മാരെ അയക്കുന്നു. വേദിയിലേക്കയക്കലും തിരികെ വിളിക്കലും അല്ലാഹുവിന്റെ മാത്രം അധികാരത്തിൽപെട്ടതാകുന്നു.

كَيْفَ تَكْفُرُونَ بِاللَّهِ وَكُنتُمْ أَمْوَاتًا فَأَحْيَاكُمْ ۖ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ثُمَّ إِلَيْهِ تُرْجَعُونَ

(നിങ്ങൾക്കെങ്ങനെ അല്ലാഹുവിനെ നിഷേധിക്കാനാവും. മൃതാവസ്ഥയിലായിരുന്ന നിങ്ങൾക്കവൻ ജീവൻ നൽകി. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു. പിന്നെയും ജീവിപ്പിക്കുന്നു. ഒടുവിൽ എല്ലാവരും അവങ്കലേക്കു തന്നെ തിരിച്ചെത്തിക്കപ്പെടുന്നു -2:28). ജനിമൃതികളെക്കുറിച്ച് ആഴത്തിൽ ആലോചിച്ചു നോക്കുന്നവർക്ക് ആ പ്രതിഭാസങ്ങളിൽ ഇനിയും ഒട്ടേറെ ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും. ●


## ഉടനെ ആവശ്യമുണ്ട്

പ്രശസ്ത ഇസ്‌ലാമിക സ്ഥാപനത്തിലേക്ക് താഴെ പറയുന്ന തസ്തികയിലേക്ക് ജോലിക്കാരെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളത്തിന് പുറമേ ഭക്ഷണവും താമസവും ലഭ്യമായിരിക്കും.

1. **English Lecturer** (M.A in English Literature)
2. **Assistant Mentor** (വനിത - ഡിഗ്രി അഭികാമ്യം)

ഉടനെ ബന്ധപ്പെടുക

**09400025677**
**hrvocvty@gmail.com**